LIBRARY ARCHIVES Kerala Legislative Assembly

തോടുകളിലെ നീരൊഴുക്കുകൾ

170 (835) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീരൊഴുക്കുള്ള തോടുകൾ മണ്ണിട്ട് നികത്തി നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രകൃത്യായുള്ള ഇത്തരം നീരൊഴുക്കുകൾ തടസ്സപ്പെടുത്തുന്നതുമൂലം വെള്ളക്കെട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ തടയുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ റവന്യൂ അധികൃതരെ വിവരം അറിയിക്കാറുണ്ട്. കയ്യേറ്റങ്ങൾ ഏതുതന്നെ ആയാലും റവന്യൂ വകുപ്പിന് വിവരം നൽകുന്നതിൽ പ്രത്യേകശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പി.ഐ.പി. കനാൽ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച പരാതിയിന്മേൽ നടപടി

171 (836) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പത്താം വാർഡിലെ പി.ഐ.പി. കനാൽ (പി.ഐ.പി. നം.4) പുറമ്പോക്ക്സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെത്തുടർന്ന് കായംകുളം എം.എൽ.എ. മാവേലിക്കര പി.ഐ.പി. അസിസ്റ്റന്റ് എഞ്ചിനീയർക്കു നൽകിയ കത്തിന്മേൽ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാലതാമസം ഉണ്ടാകാനുള്ള കാരണം വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പി.ഐ.പി. വക പുറമ്പോക്ക് സ്ഥലം തിരികെ കണ്ടെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ പി.ഐ.പി. കനാൽ പുറമ്പോക്ക് സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. നൽകിയ പരാതി 2013 ഡിസംബർ 10-ാം തീയതി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. അതിൻപ്രകാരം ടി സ്ഥലം പരിശോധിക്കുകയും പി.ഐ.പി. വക ഭൂമിയുടെ അതിർത്തികൾ വ്യക്തമല്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയത്തിനായി കാർത്തികപ്പള്ളി തഹസീൽദാർക്ക് കത്തുനൽകുകയും പലതവണ ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറെ ബന്ധപ്പെട്ട് അതിർത്തികൾ അളന്നു തിട്ടപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ബി) അതിർത്തി അളന്നുതിട്ടപ്പെടുത്തിയാലുടൻ പുറമ്പോക്ക് സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നേമം നിയോജക മണ്ഡലത്തിലെ കൊട്ടർകോണം കളം

172 (837) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പൂന്നായ്ക്കാമുഗൾ വാർഡിലെ, ചെറുകിട ജലസേചന വകുപ്പിനുകീഴിലുള്ള കൊട്ടർകോണം കളത്തിലേക്ക് ചില പരിസരവാസികൾ കക്കൂസ് മാലിന്യം ഇറക്കിവിട്ട് മലിനമാക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly